കൊടുക്കാറുണ്ട്. വളരെ സന്തോഷമുണ്ട്. പക്ഷെ മെമ്പേഴ്സ് പറയുന്നതിന് വസ്തുനിഷ്ഠമായി മറുപടി പറയണമെങ്കിൽ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും ഉണ്ടാകണം. ചില പ്രത്യേക സാഹചര്യത്തിൽ മന്ത്രി മാർക്ക് ഹാജരാകാൻ കഴിയുകയില്ല. ഇന്ന് സഭയിൽ കണ്ടത്, പല മന്ത്രി മാർക്കുവേണ്ടിയും ബഹുമാനപ്പെട്ട രാധാകൃഷ്ണനാണ് മറുപടി പറഞ്ഞത്. ഒന്നുകിൽ അദ്ദേഹത്തെ പാർലമെന്ററി അഫയേഴ്സ് മിനിസ്റ്ററാക്കിവച്ചിട്ട് ബാക്കി മന്ത്രിമാരെല്ലാം റെസ്റ്റ് എടുക്കുക, അതല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രി ഇവിടെ വന്ന് കൃത്യമായി മറുപടി തരിക. അല്ലാതെ ഇതുകൊണ്ട് പ്രയോജന മില്ല. അതുകൊണ്ട് അങ്ങയുടെ ശ്രദ്ധ ഈ കാര്യത്തിലുണ്ടാകണം.

VI. റൂളിംഗ്

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ഇന്ന് രണ്ട് മന്ത്രിമാരുടെ അഭാവത്തിലാണ് അദ്ദേഹം മറുപടി പറഞ്ഞത്. ബാക്കി എല്ലാ മന്ത്രിമാരുമുണ്ട്. രണ്ട് മന്ത്രിമാരും ചെയറിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോ ടുകൂടിയാണ് സഭ വിട്ടുപോയത്. അത് ഒരു പ്രത്യേക പ്രശ്നമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ശ്രീ. പി.പി. തങ്കച്ചനാണ് ആവശ്യമില്ലാതെ കുഴപ്പമുണ്ടാക്കുന്നത്. നിങ്ങളെപ്പോലുള്ളവർ അങ്ങനെ ചെയ്യാൻ പാടുണ്ടോ?

ശ്രീ. പി.പി. തങ്കച്ചൻ : ഞാൻ വേറൊന്നും പറഞ്ഞില്ല. നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ മന്ത്രി ഗൾഫിൽ പോയിരിക്കുകയാണെന്ന് പത്രത്തിൽ വാർത്തയുണ്ട്. ഒരത്യാവശ്യക്കാര്യത്തിന് മന്ത്രി വന്നില്ലെങ്കിൽ മന സ്സിലാക്കാം. ഇത് നേരത്തെ ഷെഡ്യൂൾ ചെയ്തതാണ്. പിന്നെ ഗൾഫിൽ പോകുന്നത് പാർലമെന്റ് ഇലക്ഷനെ മുന്നിൽ കണ്ടുകൊണ്ടാണെന്ന് ആരെ ങ്കിലും പറഞ്ഞാൽ ഞാൻ ഉത്തരവാദിയല്ല. പത്രത്തിൽ വന്ന വാർത്തയാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : സഭയിൽ ഇത് പറഞ്ഞത് ബഹുമാനപ്പെട്ട തങ്കച്ചനാണ്. പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് ആവശ്യമില്ലാത്ത എന്തും പറയാമെന്നുള്ള ഒരവസ്ഥ നിങ്ങളെപ്പോലുള്ള ആളുകൾ തുടരുന്നത് ശരിയല്ല. മാതൃകാപരമായി മറ്റ് മെമ്പർമാർക്ക്.....

മി. സ്പീക്കർ : അങ്ങ് റിപ്പോർട്ട് പ്രസന്റ് ചെയ്യണം.

VII. റിപ്പോർട്ട് സമർപ്പണം

I മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ആനുകാലിക റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സബ്ജക്ട് കമ്മിറ്റി I-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് കൃഷിവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ശ്രീ. പി.പി. തങ്ക ച്ചന്റെ പരാമർശത്തെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പ്രതിപക്ഷ മായതുകൊണ്ട് എന്തും പറയാമെന്നുള്ള ധാരണ ശരിയല്ലയെന്നു പറഞ്ഞു. അപ്പോൾ ഞങ്ങൾ ഇവിടെ 'എന്തും പറഞ്ഞുകൊണ്ടാണോ' ഇരിക്കുന്നത് ആ ഒരു സമീപനം മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായാൽ സഭ ഇതുപോലെയായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയില്ല. മന്ത്രിമാർക്ക് എന്തും പറയാമെന്ന് വന്നാൽ പ്രതിപക്ഷം അതിനെ നേരിടും. മന്ത്രിമാർ കുറച്ചു കൂടി മര്യാദയ്ക്കു സംസാരിച്ച് പഠിക്കണം. മന്ത്രിയാണെന്നു വച്ച് എന്തും പറയാമെന്ന് ധരിക്കരുത്.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാൻ പറഞ്ഞത് പ്രതിപക്ഷമായതുകൊണ്ട് എന്തും പറയാമെന്നുള്ള നില ഉണ്ടാകരുത് എന്നാണ്. അത് രണ്ടും രണ്ടാണ്, രണ്ട് അർത്ഥമാണ്. എന്തും പറയാമെന്നതും എന്തും പറയാമെന്നുള്ള ഒരു നില ഉണ്ടാകാൻ ഇടവരുന്നതും രണ്ടും രണ്ടാണ്. അതുണ്ടാകണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങൾക്ക് അതിന് വിരോധമില്ല. ഞങ്ങൾ അങ്ങനെ എന്തും പറയുന്ന കൂട്ടത്തിലല്ല. ന്യായമായ രീതിയിൽ ആവശ്യമായ കാര്യങ്ങൾ മാത്രമേ പറയാറുള്ളൂ. മറിച്ച് എന്തെങ്കിലും ചൂണ്ടിക്കാണിച്ചു തന്നാൽ ഞങ്ങൾ തിരുത്താൻ തയ്യാറാണ്.

മി. സ്പീക്കർ : അത് ക്ലോസ് ചെയ്യാം. എന്തും പറയാമെന്നുള്ള സമീപനം ഈ സഭയിൽ അനുവദിക്കുന്ന പ്രശ്നമില്ല. പ്രശ്നം തീർന്നല്ലോ.

സബ്ജക്ട് കമ്മിറ്റി II-ന്റെ ആനുകാലിക റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സബ്ജക്ട് കമ്മിറ്റി II-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III- ന്റെ ആനുകാലിക റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സബ്ജക്ട് കമ്മിറ്റി III-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി IV- ന്റെ ആനുകാലിക റിപ്പോർട്ട്

പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സബ്ജക്ട് കമ്മിറ്റി IV-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് വ്യവസായ വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി V- ന്റെ ആനുകാലിക റിപ്പോർട്ട്

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സബ്ജക്ട് കമ്മിറ്റി V-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI- ന്റെ ആനുകാലിക റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സബ്ജക്ട് കമ്മിറ്റി VI-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VII- ന്റെ ആനുകാലിക റിപ്പോർട്ട്

പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സബ്ജക്ട് കമ്മിറ്റി VII-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII- ന്റെ ആനുകാലിക റിപ്പോർട്ട്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി IX- ന്റെ ആനുകാലിക റിപ്പോർട്ട്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സബ്ജക്ട് കമ്മിറ്റി IX-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി X- ന്റെ ആനുകാലിക റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സബ്ജക്ട് കമ്മിറ്റി X-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് മുഖ്യമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, മുഖ്യമന്ത്രി പ്രധാനമന്ത്രി വിളിച്ച യോഗത്തിന് പോയതാണ്. മുഖ്യമന്ത്രിയുടെ ചുമതലക്കാരനാണ് ഇത് പറയാനെന്നാണ് വാദം. ഞാനാണ് ചുമതലക്കാരൻ, ചുമതലയുണ്ട്. ഒരു റൂളിംഗ് തരണം. അതാണ് പറയാനുള്ളത്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ആ കമ്മിറ്റിയുടെ ചെയർമാൻ ഇല്ലെങ്കിൽ അതിലെ മെമ്പർക്കേ വയ്ക്കാൻ പറ്റൂ. ഞാൻ അതിൽ മെമ്പർ അല്ല. അതിനൊരു റൂളിംഗ് തരണം.

മി. സ്പീക്കർ : ഇത് ക്ലോസ് ചെയ്യാം. അദ്ദേഹം പറഞ്ഞതിനെ സംബന്ധിച്ച് പറയാം. ഇന്ന് വളരെ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയാണ്. റൂളിംഗ് നൽകാം. Please be seated. ഇവിടെ റൂളിംഗ് ഉദ്ദേശിക്കുന്നത് മുഖ്യമന്ത്രിയുടെ കാര്യത്തിനല്ലേ? അദ്ദേഹം പറഞ്ഞതിനെക്കുറിച്ച് പറയാം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ സഭയിൽ സംസാരിക്കുകയാണ്. മുഖ്യമന്ത്രിക്കുവേണ്ടി എന്നെ ചുമതലപ്പെടുത്തിയാൽ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വയ്ക്കേണ്ടത് ചെയർമാൻ എന്ന നിലയ്ക്കാണ്. ചെയർമാൻ ഇല്ലെങ്കിൽ ആ കമ്മിറ്റിയിലെ ഒരംഗത്തിനേ വയ്ക്കാൻ പറ്റുള്ളൂ എന്നാണ് എന്റെ ധാരണ. അതിനെ സംബന്ധിച്ച് റൂളിംഗ് വേണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, അങ്ങ് റൂളിംഗ് നൽകുന്നതിനു മുൻപ് ഒരു സംശയത്തിനു കൂടി വ്യക്തത വരുത്തണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻ ഇല്ലെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങളായിരിക്കണമെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ അഭിപ്രായത്തോടൊപ്പം കൂട്ടിച്ചേർക്കാനാണ്. ആ ചെയർമാൻ ചുമതലപ്പെടുത്തുന്ന മറ്റൊരു മന്ത്രിക്ക് ഇതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അവകാശമുണ്ടോ? ചുമതലപ്പെടുത്തുന്ന മറ്റൊരു മന്ത്രിക്കോ, കളക്ടീവ് റെസ്പോൺസിബിലിറ്റിയുള്ള ഈ മന്ത്രിസഭയിലെ ഗവണ്മെന്റിനുവേണ്ടി, സബ്ജക്ട് കമ്മിറ്റിക്കുവേണ്ടി അംഗങ്ങൾ നിൽക്കുന്നതുപോലെ തന്നെ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായിട്ടുള്ള മന്ത്രി ഇല്ലാതെ വരുമ്പോൾ മറ്റൊരു മന്ത്രിക്ക് ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുള്ള അവകാശമുണ്ടോയെന്നുള്ള കാര്യത്തിനുണ്ട്. അതിനെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ വേണം.

ശ്രീ. ജി. കാർത്തികേയൻ : സർ, മുഖ്യമന്ത്രിക്കുവേണ്ടിയുള്ള സബ്മിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ മറുപടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇവിടെ വരാത്ത, ഇല്ലാത്ത മന്ത്രിമാർക്കുവേണ്ടി റിപ്പോർട്ട് അവതരിപ്പിക്കുന്നത് ആരാണെന്ന് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ടോ? സൗകര്യമനുസരിച്ച് ഡെസ്ക്കുകൾ ചാടിക്കടന്ന് അപ്പുറത്തിരിക്കുന്ന പേപ്പറുകൾ വലിച്ചെടുത്ത് അവതരിപ്പിക്കുകയല്ലേ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചെയ്തത്? അങ്ങനെയാണെങ്കിൽ ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ചതെല്ലാം തെറ്റല്ലേ? അവതരിപ്പിക്കേണ്ട ഫയൽ, പേപ്പർ എവിടെയാണെന്നറിയാതെ അങ്ങ് ഓരോ പേര് വിളിക്കുമ്പോൾ ചാടിക്കടക്കുന്ന സമ്പ്രദായം തന്നെ തെറ്റാണ്. ഇവിടെ മുഖ്യമന്ത്രിക്കുവേണ്ടി ചാർജ്ജുള്ള ഒരു മന്ത്രി ഇരിക്കെ അങ്ങ് പറയുന്ന വാദങ്ങളൊക്കെ തെറ്റാണ്. ഒരു മന്ത്രിക്ക് പിന്നെ എന്തിനാണ് ചാർജ്ജ് തരുന്നത്? മന്ത്രിമാർക്ക് വന്ന അബദ്ധം ഈ സഭയുടെ കീഴ്വഴക്കമായി മാറാൻ പാടില്ല.

മി. സ്പീക്കർ : ഒരു കാര്യം ചെയ്യാം. റൂളിംഗ് അല്ല. ചെയർ പറയുന്നത് കേൾക്കൂ. Please hear me. ഇതിനെക്കുറിച്ച് വിശദമായി പരിശോധിച്ചിട്ട് റൂളിംഗ് നൽകാൻ സാധിക്കുകയുള്ളൂ. റൂളിംഗ് നൽകാം. പക്ഷേ തുടർന്ന് ഒരു കാര്യം ചെയർ പറയാം. ചട്ടപ്രകാരമാണെങ്കിൽ ഒന്നുകിൽ ചെയർമാനില്ലെങ്കിൽ ആ കമ്മിറ്റികളിലെ മറ്റൊരാൾ എന്നുള്ള നിലയിലാണ്. പക്ഷേ മന്ത്രിമാർ ചെയർമാനായിട്ടുള്ള കമ്മിറ്റികളുടെ പ്രശ്നമുണ്ട്. രണ്ടു തരത്തിലാണല്ലോ ചെയർമാൻമാരുള്ളത്. ഈ സഭയിൽ പലപ്പോഴും മന്ത്രിമാരുടെ അഭാവത്തിൽ മറ്റു മന്ത്രിമാരെ ചുമതലപ്പെടുത്താറുണ്ട്. അങ്ങനെയാണ് ഇവിടെ തുടർന്നു വരുന്നത്. തുടർന്ന് ഒരു കാര്യം ഞാൻ പറയുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ സഭാനടപടികൾ നടന്നിട്ടുണ്ട്. അല്ലെങ്കിൽ നടപടിക്രമങ്ങൾ വന്നിട്ടുണ്ട്. പക്ഷേ ഇതൊരു വിവാദമായ സ്ഥിതിക്ക് ഇപ്പോഴാണല്ലോ ഒരു വിവാദമായി സഭയിൽ വരുന്നത്.

VIII. ധനകാര്യം

1999-2000 വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഭയുടെ വോട്ടിനു വേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1999 ജൂലായ് 7-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	25.3.1999-ൽ സഭ പാസ്സാക്കിയ വോട്ടിന് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XVII	വിദ്യാഭ്യാസം, കായികവിനോദം കല, സംസ്കാരം	9,54,20,43,000	7,86,63,000	19,08,40,84,000	15,73,27,000	19,24,14,11,000
XXI	ഭവന നിർമ്മാണം	15,93,42,000	3,20,46,000	31,86,84,000	6,40,92,000	38,27,76,000

വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly